Phone (Office) : +91 487 - 2207000
Fax : +91 487 - 2201062
Email : info@kila.ac.in

**2021/101/5145** **07 /12/2021.**

**അപേക്ഷകൾ ക്ഷണിക്കുന്നു.**

ഏകീകൃത തദ്ദേശവകുപ്പ് രൂപീകരണവുമായി ബന്ധപ്പെട്ട് മലയാളം-ഇംഗ്ലീഷ് ടൈപ്പ്ഫേസ്, നിറങ്ങൾ, ലോഗോ, കമ്മ്യൂണിക്കേഷൻ മെറ്റീരിയലുകൾ തുടങ്ങിയവ നവീന ആശയങ്ങൾ ഉൾക്കൊണ്ട് ഡിസൈൻ ചെയ്യുന്നതിനായി ഈ മേഖലയിൽ പ്രവൃത്തിപരിചയമുള്ള സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് വേണ്ടി ടൈപ്പ്ഫേസുകൾ, ലോഗോ എന്നിവ രൂപകൽപ്പന ചെയ്തുള്ള അനുഭവസമ്പത്ത്, മൂന്ന് വർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയം എന്നിവ നിർബന്ധം.

വിജയകരമായ മാസ് ക്യാമ്പയിനുകൾ, ബഹുജന സമ്പർക്ക പരിപാടികൾ എന്നിവ സംഘടിപ്പിച്ചുള്ള പരിചയം, അനിമേഷൻ, പോസ്റ്ററുകൾ, ലഘുചിത്രങ്ങൾ, തുടങ്ങിയ കമ്മ്യൂണിക്കേഷൻ മെറ്റീരിയലുകൾ തയ്യാറാക്കിയുള്ള അനുഭവസമ്പത്ത് എന്നിവയുണ്ടായിരിക്കണം.

വികേന്ദ്രീകൃത ആശയവും വകുപ്പിന്റെ ജനകേന്ദ്രീകൃത സ്വഭാവവും വ്യക്തമാക്കുന്ന തരത്തിലും, ഓരോ പ്രദേശത്തിൻ്റെയും പ്രത്യേകത അടയാളപ്പെടുത്തുന്ന രീതിയിലും ആയിരിക്കണം തദ്ദേശസ്വയംഭരണവകുപ്പ് ഏകീകരണത്തിനു വേണ്ടി ആശയങ്ങൾ തയ്യാറാക്കേണ്ടത്.

സ്ഥാപനത്തിന്റെ ഡിസൈനിംഗ് മേഖലയിലെ മികവ് സർക്കാർ, മിഷനുകൾ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ക്യാമ്പയിനുകൾ നടത്തിയുള്ള മുൻകാല പ്രവൃത്തിപരിചയം എന്നിവ പരിശോധിച്ച് സാങ്കേതിക സമിതി ഷോർട്ട്ലിസ്റ്റ് ചെയ്യുന്ന ഏജൻസികളെ പരിഗണിക്കുന്നതാണ്.

മേൽ പ്രവൃത്തി ഏറ്റെടുത്ത് നടത്തുവാൻ താൽപര്യമുള്ള പ്രിന്റ്, വിഷ്വൽ മീഡിയ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും താഴെ നൽകുന്ന മാതൃകയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

അപേക്ഷകൾ ബന്ധപ്പെട്ട എല്ലാ രേഖകളോടും കൂടി ഡയറക്ടർ ജനറൽ.കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ,മുളംകുന്നത്ത്കാവ് പോസ്റ്റ് ,തൃശ്ശൂർ എന്ന വിലാസത്തിൽ 17/12/2021 5.00 PM ന് മുന്പായി നേരിട്ടോ/തപാൽ വഴിയോ ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം സ്കാന് ചെയ്ത പകർപ്പുകൾ info@kila.ac.in എന്ന ഇ മെയിൽ വിലാസത്തിൽ അയക്കാവുന്നതുമാണ്.

**ഡയറക്ടർ ജനറൽ**

KERALA INSTITUTE OF LOCAL ADMINISTRATION
An autonomous body constituted by the Government of Kerala

Phone (Office) : +91 487 - 2207000
Fax : +91 487 - 2201062
Email : info@kila.ac.in

# അപേക്ഷ മാതൃക.

| | |
|---|---|
| സ്ഥാപനത്തിന്റെ പേര് | |
| മേൽ വിലാസം | |
| സ്ഥാപന ലൈസൻസ് /റെജിസ്ട്രേഷൻ വിവരങ്ങൾ(കമ്പനി/പാട്നർഷിപ്പ് ഫേം,എന്നിവയാണെങ്കിൽ MOA, certificate of incorporation/partnership deed എന്നിവയുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ്) | |
| ഇൻകം ടാക്സ് പാൻ കാർഡ് നമ്പർ | |
| ജി,എസ്.ടി രെജിസ്ട്രേഷൻ നമ്പർ | |
| പ്രവർത്തിപരിചയ വിവരങ്ങൾ | ഏറ്റെടുത്ത പ്രവൃത്തികൾ സംബന്ധിച്ച വിശദമായ വിവരങ്ങൾ പ്രത്യേകം ഉള്ളടക്കം ചെയ്യുക. |

സ്ഥലം: ഒപ്പ്:

തിയ്യതി. പേര്: